(പി) നമ്പർ 269/2015/ഫിൻ. തീയതി 3-7-2015) പുറപ്പെടുവിച്ചുകൊണ്ട് നടപടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നതാണ്.

ഏലത്തൂർ നിയോജകമണ്ഡലത്തിലെ നിറവ് പദ്ധതി

111 (5460) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജക മണ്ഡലത്തിൽ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചതെന്ന് വ്യക്തമാക്കാമോ :

(ബി) നിറവ് പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികളുടെ ഇന തിരിച്ച് വ്യക്തമാക്കാമോ :

(സി) പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജക മണ്ഡലം 2013-14 വർഷത്തിലാണ് പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടത്. അതിനെത്തുടർന്ന് 10-3-2014-ാം 9-2-2015-ാം നിയോജകമണ്ഡലത്തിലുള്ള യോഗങ്ങൾ ചേർന്ന് കാർഷികരംഗത്ത് സമഗ്ര വികസനത്തിനായി 110.475 ലക്ഷം രൂപയുടെ പ്രോജക്ടും മൃഗസംരക്ഷണ രംഗത്ത് 0.368 ലക്ഷം രൂപയുടെ പ്രോജക്ടും ജലസേചന സൗകര്യം വികസിപ്പിക്കുന്നതിനായി 134 ലക്ഷം രൂപയുടെ പ്രോജക്ടും തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഏലത്തൂർ നിയോജകമണ്ഡലത്തിലെ നിറവ് പദ്ധതിക്കായി ചുവടെപ്പറയുന്ന പ്രകാരം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

കേരകൃഷി വികസനം	61.25 ലക്ഷം
പച്ചക്കറി കൃഷി വികസനം	12.5 ലക്ഷം
വാഴ കൃഷി വികസനം	16.375 ലക്ഷം
കരുമുളക് കൃഷി വികസനം	2.00 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

ഇടവിള കൃഷി വികസനം	2.1 ലക്ഷം
ഫലവർഗ്ഗ കൃഷി വികസനം	3.5 ലക്ഷം
നെൽ കൃഷി വികസനം	12.75 ലക്ഷം
ആകെ	110.475 ലക്ഷം

(സി) പദ്ധതി ഇപ്പോൾ നടപ്പിലാക്കാൻ തുടങ്ങുന്ന ഘട്ടത്തിലാണ്.

തെങ്ങിൻ തൈകളുടെ വിതരണം

112 (5461) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും ഈ വർഷം എത്ര തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) തെങ്ങിൻ തൈകൾ കർഷകർക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വർഷം ഉല്പാദിപ്പിച്ച മൊത്തം തെങ്ങിൻ തൈകൾ 17380 ആണ്. ഈ തൈകൾ നഴ്സറികളിൽ വ്യത്യസ്ത മാസങ്ങളിൽ നട്ടുവളർത്തിയതായതിനാൽ പാകം വരുന്ന മുറയ്ക്ക് മാത്രം കർഷകർക്ക് വിതരണം ചെയ്യുവരുന്നു. ഇതുവരെയായി 10000-ലേറെ തെങ്ങിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്യുകഴിഞ്ഞു.

(ബി) പ്രാദേശിക കർഷക ഗവേഷണ കേന്ദ്രം, പീലിക്കോട് പ്രധാനമായും ഒരു ഗവേഷണ സ്ഥാപനമാണ്. ഗവേഷണത്തിന്റെ ഭാഗമായിട്ടാണ് ഇവിടെനിന്നും സങ്കരയിനവും അല്ലാത്തതുമായ തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നത്. എങ്കിലും ജനപങ്കാളിത്തത്തോടെ പോളിനേഷൻ പ്രക്രിയ പൂർത്തിയാക്കി സങ്കരയിനം തൈകൾ ഉല്പാദിപ്പിക്കുന്ന വിത്ത്ഗ്രാമം പ്രോജക്ട് പീലിക്കോട് കേന്ദ്രത്തിൽ നടപ്പിൽവരുത്തിയിട്ടുണ്ട്. ഇതുവഴി 2015 വർഷം 30,000 വിത്തു തേങ്ങകൾ ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവ അടുത്ത വർഷങ്ങളിൽ തൈകൾ ഉല്പാദിപ്പിക്കുവാൻ ഉപയോഗിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly